**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4274** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപ സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2003-ൽ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (ജിം), 2012-ൽ സംഘടിപ്പിച്ച എമെർജിങ് കേരള എന്നീ നിക്ഷേപ പരിപാടികൾ പരാജയപ്പെട്ടപ്പോൾ കൃത്യമായ ആസൂത്രണവും കഠിനാധ്വാനവും ഏകോപനവും ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തെ വ്യത്യസ്തമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | മുൻപ് സംസ്ഥാനത്ത് നടത്തിയ നിക്ഷേപ സംഗമങ്ങളിലെ പോരായ്മകൾ മനസ്സിലാക്കി സംസ്ഥാന സർക്കാർ കൃത്യമായ ആസൂത്രണമികവോടെ 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വെച്ച് നടത്തിയ ആഗോള നിക്ഷേപ സംഗമം വൻ വിജയമായിരുന്നു. പ്രസ്തുത പരിപാടിയിൽ കേന്ദ്ര റോഡ്, ഗതാഗത, ഹൈവേ മന്ത്രി ശ്രീ. നിതിൻ ഗഡ്കരി, കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി ശ്രീ. പീയൂഷ് ഗോയൽ, കേന്ദ്ര നൈപുണ്യ വികസന, സംരംഭകത്വ മന്ത്രിയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയുമായ ശ്രീ. ജയന്ത് ചൗധരി, യു.എ.ഇ. സാമ്പത്തിക മന്ത്രി ശ്രീ. അബ്ദുള്ള ബിൻ തൗഖ് അൽ മാരി, ബഹ്റൈൻ വ്യവസായ വാണിജ്യ മന്ത്രി ശ്രീ. അബ്ദുള്ള ബിൻ ആദിൽ ഫഖ്റോ, പ്രതിപക്ഷ നേതാവ് ശ്രീ. വി.ഡി. സതീശൻ, പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. യൂസഫ് അലി തുടങ്ങി അനേകം വ്യക്തികൾ ടി പരിപാടിയിൽ പ്രധാന അതിഥികളായി പങ്കെടുക്കുകയും ചെയ്തു. കൂടാതെ, 26 രാജ്യങ്ങളിലെ പ്രതിനിധികൾ, 4000ത്തോളം വ്യവസായ പ്രമുഖർ/ സ്റ്റാർട്ടപ്പുകൾ/ഇൻവെസ്റ്റേഴ്സ്, 115 എക്സിബിഷനുകൾ, കൺട്രി സെഷനുകൾ, ബി2ബി മീറ്റിംഗുകൾ എന്നിവയും ഉച്ചകോടിയുടെ പ്രത്യേകതകളായിരുന്നു.<br><br>പ്രസ്തുത ഉച്ചകോടിയിൽ 419ൽ പരം താല്പര്യ പത്രങ്ങളിലൂടെ 1,65,928 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>നിലവിൽ നടത്തിയ സമ്മിറ്റിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ Invest Kerala Global Summit (IKGS) മൂന്നു വർഷത്തിൽ ഒരിക്കൽ നടത്തുവാൻ സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇൻവെസ്റ്റ് കേരള ഉച്ചകോടി മൂന്ന് വർഷത്തിലൊരിക്കൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മേൽ(എ)പിരിവിലെ മറുപടി കണ്ടാലും |
| (സി) | ആഗോള നിക്ഷേപകരുടെ അഭ്യർത്ഥന മാനിച്ച് ഉച്ചകോടി പ്രതിവർഷം നടത്താൻ കഴിയുമോയെന്ന് പരിശോധിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (സി) | മേൽ(എ)പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ